## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5716** **02.07.2019-ൽ മറുപടിയ്ക്ക്**

## ഗുണനിലവാരമുള്ള കോഴിയിറച്ചി ലഭ്യമാക്കാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.അനൂപ് ജേക്കബ്** | | **അഡ്വ.കെ.രാജു**<br>**(വനം, മൃഗസംരക്ഷണം, ക്ഷീരവികസനം, മൃഗശാല വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്ത് ഗുണനിലവാരമുള്ള കോഴിയിറച്ചി ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്താണെന്ന് അറിയിക്കുമോ; | എ) | കേരളത്തിൽ ഗുണനിലവാരമുള്ള കോഴിയിറച്ചി ലഭ്യമാക്കുവാനായി ഇറച്ചി കോഴി വളർത്തൽ പ്രോൽസാഹിപ്പിക്കുവാനും, വ്യാപിപ്പിക്കുവാനും മൃഗസംരക്ഷണ വകുപ്പ്, സർക്കാർ സംരംഭമായ കെപ്കോയും, കുടുംബശ്രീയും, എം.പി.ഐയും ചുവടെ പ്രതിപാദിച്ചിട്ടുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**<u>കുടുംബശ്രീ</u>**<br>സർക്കാർ കുടുംബശ്രീയുമായി സഹകരിച്ച് കേരള ചിക്കൻ പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നുണ്ട്.<br><br>**<u>എം.പി.ഐ</u>**<br>കുടുംബശ്രീയുമായി ഉണ്ടാക്കിയ ധാരണ പ്രകാരം, കോട്ടയം/എറണാകുളം ജില്ലകളിലെ കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും കിലോയ്ക്ക് 85/- രൂപ വില പ്രകാരം 2 മാസം പ്രായമുള്ള കോഴികളെ എം.പി.ഐ വാങ്ങുന്നതാണ്. ഗുണനിലവാരമുള്ള കോഴിയിറച്ചി ലഭ്യമാക്കുവാനായി എം.പി.ഐയ്ക്ക് സ്വന്തമായുള്ള കോഴി ഫാമിൽ ഒരു ബാച്ചിൽ 7,500 കോഴികളെ വളർത്തുന്നു. പ്രതിദിനം 1500 കോഴികളെ സംസ്കരിച്ച് വിതരണം ചെയ്തുവരുന്നു.<br><br>**<u>കെപ്കോ</u>**<br>ഗുണമേന്മയുള്ള കോഴികുഞ്ഞുങ്ങളെ മിതമായ നിരക്കിൽ കേരളത്തിലെ കർഷകർക്ക് ലഭ്യമാക്കുവാൻ കെപ്കോയുടെ ബ്രോയിലർ ബ്രീഡിംഗ് ഫാമിന്റെയും, ഹാച്ചറിയുടെയും നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. തിരുവനന്തപുരത്തെ കുടപ്പനക്കുന്നിലും, തൃശ്ശൂർ ജില്ലയിലെ മാളയിലും, കൊല്ലം ജില്ലയിലെ കൊട്ടിയത്തും, പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രങ്ങളിൽ നിന്നും കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് കർഷകർക്ക് |

| | | | |
|---|---|---|---|
| . | | | മിതമായ നിരക്കിൽ വിതരണം ചെയ്യുന്നു. ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്കായി രണ്ട് പദ്ധതികൾ കൂടി കെപ്കോ നടപ്പിലാക്കുന്നു.<br>1. കോൺട്രാക്ട് ഫാമിംഗ്<br>2. മൃഗസംരക്ഷണ-കെപ്കോ-കുടുംബശ്രീ കോഴിവളർത്തൽ പദ്ധതി<br>**മൃഗസംരക്ഷണ വകുപ്പ്**<br>മൃഗസംരക്ഷണ വകുപ്പിന്റെ ആയൂർ തോട്ടത്തറ ഹാച്ചറിയിൽ ബ്രോയിലർ ബ്രീഡിംഗ് ഫാം പ്രവർത്തനം തുടങ്ങുമ്പോൾ ഓരോ ആഴ്ചയിലുമായി 40,000 ഗുണമേന്മയുള്ള കോഴിക്കുഞ്ഞുങ്ങളെ കേരളത്തിലുടനീളം കർഷകർക്ക് വിതരണം ചെയ്യാൻ സാധിക്കും. ഈ ഉദ്ദേശത്തോടെ ആരംഭിച്ച ചെറ്റച്ചൽ ജേഴ്സിഫാം ഹാച്ചറി, മലപ്പുറം എടവണ്ണ ഹാച്ചറി എന്നിവയുടെ നിർമ്മാണം പുരോഗതിയിലാണ്. |
| ബി) | ഗുണനിലവാരമുള്ള കോഴിയിറച്ചിയുടെ ലഭ്യത ക്കുറവുമൂലം ആരോഗ്യ രംഗത്തുണ്ടാകുന്ന പ്രശ്നങ്ങളെയും ബുദ്ധിമുട്ടുകളെയും കുറിച്ച് മൃഗസംരക്ഷണവകുപ്പിന്റെ ആഭിമുഖ്യത്തിൽ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | ബി) | ഉണ്ട്, കുടുംബശ്രീ ചിക്കൻ ഫാമുകളിൽ നിന്നും ചിക്കൻ സാമ്പിളുകൾ ശേഖരിച്ച് മൃഗസംരക്ഷണ വകുപ്പിന്റെ മരടിലുള്ള സ്റ്റേറ്റ് ലബോറട്ടറി ഫോർ മറൈൻ ആന്റ് അഗ്രി പ്രോഡക്ട്സ് ലാബിൽ ആന്റിബയോട്ടിക് റെസിഡ്യൂ പരിശോധിച്ച് വരുന്നു. ഡി.എൻ.എ ബേസ്ഡ് ടെക്നിക് ഉപയോഗിച്ച് ഏതു മൃഗത്തിന്റെ ഇറച്ചിയാണെന്നു തിരിച്ചറിയുന്നതിനുമുള്ള പരിശോധനയും നടത്തി വരുന്നു.<br>കൂടാതെ, ആന്റിമൈക്രോബിയൽ റെസിസ്റ്റ-ൻസിനെയും ആന്റിബയോട്ടിക് ഉപയോഗം നിയന്ത്രിക്കുന്നതിനെയും കുറിച്ച് കർഷകർക്ക് മൃഗസംരക്ഷണ വകുപ്പ് ട്രെയിനിംങ് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ